**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 225** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>പൊതുവിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. റഹ്മത്തുള്ള ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

**(എ)** പൊതുവിതരണ സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം പരിഷ്കാരങ്ങളാണ് സിവിൽ സപ്ലൈസ് വകുപ്പിൽ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ ആധാർ അധിഷ്ഠിത ബയോമെട്രിക് സംവിധാനം ഉപയോഗിച്ച് സുതാര്യമായാണ് റേഷൻ വിതരണം നടന്നുവരുന്നത്. കൂടാതെ, ഭക്ഷ്യധാന്യങ്ങളുടെ നീക്കം പൂർണ്ണമായും നിരീക്ഷിക്കുന്നതിന്റെ ഭാഗമായി, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്നും സംഭരണ മില്ലുകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുക്കുന്നത് മുതൽ അവ ഗോഡൗണുകളിൽ എത്തുന്നതുവരെയും, ഗോഡൗണുകളിൽ നിന്ന് റേഷൻ കടകളിലേക്ക് വിതരണം ചെയ്യുന്നതുവരെയും ഉള്ള രണ്ടു ഘട്ടങ്ങളും ജി.പി.എസ്. സംവിധാനത്തിന്റെ സഹായത്തോടെ നിരീക്ഷിച്ചുവരുന്നു. ഇതിനായി ഉപയോഗിക്കുന്ന കമ്പ്യൂട്ടർ അധിഷ്ഠിത ആപ്ലിക്കേഷനുകളായ വി.എൽ.ടി.എസ്. (VLTS), എസ്.സി.എം.എസ്. (SCMS) സംവിധാനങ്ങളെ 'അന്നചക്ര' എന്ന ഏകീകൃത നിരീക്ഷണ പ്ലാറ്റ്ഫോമുമായി ബന്ധിപ്പിക്കുന്നതാണ്

**(ബി)** ഭക്ഷ്യ പൊതുവിതരണം സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിനും നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും മന്ത്രിതലത്തിൽ പ്രത്യേക സംവിധാനം ഒരുക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സംസ്ഥാന സർക്കാരിന്റെ CMO Portal, Civil Supplies PG Portal എന്നീ വെബ് പോർട്ടലുകൾ വഴിയും കേന്ദ്ര സർക്കാരിന്റെ CPGRAMS Portal വഴിയും പൊതുജനങ്ങൾക്ക് അവരുടെ ആക്ഷേപങ്ങളും പരാതികളും സമർപ്പിക്കാവുന്നതാണ്.

**(സി)** സംസ്ഥാനത്ത് റേഷൻ കടകൾ വഴി മെച്ചപ്പെട്ട ഭക്ഷ്യധാന്യം വിതരണം ചെയ്യുന്നതിന് പ്രത്യേക നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നടപടികൾ സ്വീകരിക്കുന്നതാണ്. നിലവിൽ പൊതുവിതരണത്തിനായി ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ ഏറ്റെടുക്കുമ്പോൾ, ഗുണനിലവാര മാനദണ്ഡങ്ങൾ ഉറപ്പുവരുത്തുന്നതിനായി സംയുക്ത പരിശോധന നടത്തിയാണ് അവ സ്വീകരിക്കുന്നത്. കൂടാതെ, നെല്ല് സംഭരണ മില്ലുകളിൽ നിന്ന് പൊതുവിതരണ സംവിധാനത്തിനാവശ്യമായ അരി സംസ്കരിച്ച് ലഭ്യമാക്കുമ്പോഴും ഗുണനിലവാര പരിശോധന നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുകൂടാതെ, ടി-സ്റ്റോക്ക് എൻ.എഫ്.എസ്.എ. ഭക്ഷ്യധാന്യങ്ങൾ

ഗോഡൗണുകളിൽ എത്തിച്ചേർന്നതിനുശേഷം അവയുടെ ഗുണനിലവാരത്തിൽ ഏതെങ്കിലും തരത്തിലുള്ള കുറവ് ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം, അത് പരിശോധിക്കുന്നതിനായി ജില്ലാ തലത്തിൽ ക്വാളിറ്റി അഷ്വറൻസ് ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**(ഡി)** വിലക്കയറ്റം പിടിച്ചു നിർത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്ന പൊതുവിതരണ ശൃംഖലയുടെ നിലനിൽപ്പിന് എന്തെല്ലാം നവീന പരിപാടികൾ നടപ്പാക്കുമെന്ന് വ്യക്തമാക്കാമോ?

**മറുപടി:** പൊതുവിതരണ ശൃംഖലയുടെ നവീകരണത്തിന്റെ ഭാഗമായി, സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെ ശക്തിപ്പെടുത്തുന്നതിനും റേഷൻ കടകളിൽ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനും റേഷൻ കട ലൈസൻസികൾക്ക് അധിക വരുമാനം ലഭിക്കുന്നതിനുമായി കെ-സ്റ്റോർ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിലനിലവാരം പിടിച്ചുനിർത്തുന്നതിനായി പൊതുവിപണി പരിശോധനകൾ കാര്യക്ഷമമാക്കും. വിൽപ്പന നടത്തുന്ന അവശ്യസാധനങ്ങളുടെ വിലനിലവാരം പ്രദർശിപ്പിക്കുന്നുണ്ടോ എന്നും, പർച്ചേസ് ബില്ലുകൾ സൂക്ഷിക്കുന്നുണ്ടോ കണക്കുകൾ സൂക്ഷിക്കുന്നുണ്ടോ എന്നും, പ്രദർശിപ്പിച്ചിരിക്കുന്ന വിലയുടെ അടിസ്ഥാനത്തിൽ ആണോ വിൽപ്പന നടക്കുന്നത് എന്നും പ്രത്യേക സ്ക്വാഡുകൾ മുഖാന്തിരമുള്ള പരിശോധന ശാക്തീകരിയ്ക്കും. കൂടാതെ സപ്ലൈകോ വഴി അവശ്യസാധനങ്ങൾ സബ്സിഡി നിരക്കിൽ വിതരണം നടത്തും.

**സെക്ഷൻ ഓഫീസർ**